# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**
**(ഹാജർ: ശ്രീമതി അനുപമ ടി.വി., ഐ.എ.എസ്, വനിതാ ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - മലപ്പുറം ജിനാനത് എന്ന കുട്ടിക്ക് ബാലനിധി ധനസഹായം ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- മലപ്പുറം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നമ്പർ ഡിസിപിയു.(എം.പി.എം)303/2021 തീയതി:11/02/2021

==========================================================================
====

**ഉത്തരവ് നമ്പർ: ICPS-4(A)/3770/2020 തീയതി: 25.02.2021**

---

മലപ്പുറം പുള്ളിപ്പാടം ഓടായിക്കൽ കേരാത്ത് വീട്ടിൽ ഖൈറുന്നിസയുടെ മകൾ ജിനാനത്ത്.കെ എന്ന കുട്ടിക്ക് എയിഡ്സ് രോഗ ബാധ സ്ഥിരീകരിക്കുകയും തുടർന്ന് കോഴിക്കോട് മെഡിക്കൽകോളേജിൽ നിന്നും പരിശോധനയും ചികിത്സയും ചെയ്ത് വരുന്നു. കുടുംബത്തിലെ നിലവിലെ സാമ്പത്തിക അവസ്ഥ വളരെ മോശം ആണ് എന്നും ആയതിനാൽ കുട്ടിക്ക് ചികിത്സയ്ക്ക് പ്രതിമാസം 2000 രൂപയും,പഠനത്തിന് പ്രതിമാസം 1000/-രൂപയും ചേർത്ത് 3 വർഷത്തേക്കായി ആകെ 1,08,000/- രൂപ അനുവദിച്ച് നൽകണമെന്ന് മലപ്പുറം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശ പ്രകാരം അറിയിച്ചിട്ടുള്ളതുമാകുന്നു

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള മലപ്പുറം പുള്ളിപ്പാടം ഓടായിക്കൽ കേരാത്ത് വീട്ടിൽ ഖൈറുന്നിസയുടെ മകൾ ജിനാനത്ത്.കെ ന് കുടുംബത്തിന്റെ നിലവിലെ സാഹചര്യം പരിഗണിച്ച് ചികിത്സാ ധനസഹായമായി ഒരു വർഷത്തേക്ക് ആകെ 12,000/- രൂപ (പന്ത്രണ്ടായിരം രൂപ മാത്രം) ജെ.ജെ.ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.കുട്ടിയുടെ പഠനത്തിന് ആവശ്യമായ തുക യോഗ്യതാ മാനദണ്ഡം പാലിച്ച് വിജ്ഞാനദീപ്തി പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിന് മലപ്പുറം ജില്ലാ ശിശു സംരക്ഷണ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

ചികിത്സ ആവശ്യങ്ങൾക്കായുള്ള ഒരു വർഷത്തേക്കുള്ള തുക 12000/- രൂപ (പന്ത്രണ്ടായിരം രൂപ മാത്രം) ബാലനിധി എസ്.ബി.ഐ. ബാങ്ക് അക്കൗണ്ട് ആയ 57044156669 നിന്നും മലപ്പുറം ജില്ല ശിശുസംരക്ഷണ ഓഫീസറുടെ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് നമ്പർ 715021400000006 ലേക്ക് അനുവദിച്ചു നൽകി ഉത്തരവാകുന്നു.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ ടി തുകയായ 12000/- രൂപ കുട്ടിയുടെയോ, കുട്ടിയുടെ രക്ഷകർത്താവിന്റെയോ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്..

**ജില്ലാ ശിശു സംരക്ഷണ ഓഫീസർ,**
മലപ്പുറം

(ഒപ്പ്)

***വനിതാ ശിശു വികസന ഡയറക്ടർ &***
***മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)***

<u>പകർപ്പ്</u>

1. ജില്ല വനിത ശിശു **വികസന ഓഫീസർ, തിരുവനന്തപുരം**
2. സൂപ്രണ്ട്, A **സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)**
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ് ✓

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM- 12
WOMEN & CHILD DEVELOPMENT DEPARTMENT